

# കേരള പാഠാവലി. ക്ലാസ്സ് :9

## Malayalam paper I.Answer key

## ആത്യന്തിക വിലയിരുത്തൽ -2026

[Key by: Suresh Areecode, *mukulam malayalam*.
PH:9562521509,Malappuram,Kerala]

mukulam malayalam

### 1 മുതൽ 4 വരെ — ശരിയുത്തരം [1 സ്കോർ ]

1. 'ഭഗിനി' എന്ന പദത്തിന്റെ അർഥം

   D. സഹോദരി

2. വൃദ്ധയ്ക്ക് ശക്തി വീണ്ടുകിട്ടിയതിന്റെ കാരണം

   B. വളരെക്കാലമായി 'അമ്മേ' എന്ന വിളി കേൾക്കാത്തതുകൊണ്ട്.

3. "ഇരുട്ട് വലിയ കറുത്ത തിരശ്ശീലപോലെ തൂങ്ങിക്കിടന്നു." — സാന്ദർഭികാർഥം

   A. എല്ലാ കാഴ്ചകളെയും ഇരുട്ട് മറച്ചിരുന്നു.

4. ശരിയായി പിരിച്ചെഴുതിയത്

i. പ്രയാസമില്ല — തെറ്റ്

ii. തീർച്ചയാണ് — ശരി

iii. അനേകമുണ്ട് — ശരി

iv. വീട്ടിലുള്ളത് — തെറ്റ്

   C. ii ഉം iii ഉം ശരി.

### 5 മുതൽ 7 വരെ [3 സ്കോർ വീതം]

5. "വിരസമായിത്തീരുന്ന വസ്തുതകൾപോലും ബഷീറിന്റെ അനുഗൃഹീതമായ തൂലികയുടെ സ്പർശത്താൽ എങ്ങനെയോ രസപ്രദമായിത്തീരുന്നു."

ഉത്തരം:

ഈ നിരീക്ഷണത്തോട് പൂർണമായും യോജിക്കാം. സാധാരണ ജീവിതത്തിലെ വിരസവും നിസ്സാരവുമായ സംഭവങ്ങളെപ്പോലും ബഷീർ തന്റെ ഹാസ്യവും ലാളിത്യവും നിരീക്ഷണപാടവവും കൊണ്ട് രസകരമാക്കുന്നു. സാധാരണ മനുഷ്യരെയും അവരുടെ ജീവിതസാഹചര്യങ്ങളെയും സ്വാഭാവികമായി അവതരിപ്പിക്കുന്നതാണ് ബഷീറിന്റെ രചനകളുടെ പ്രത്യേകത. അതിനാൽ വിരസമായ വസ്തുതകൾ പോലും വായനക്കാരന് ആസ്വാദ്യകരമാകുന്നു.

6. **വരികളിലെ കാവ്യഭംഗി കണ്ടെത്തിയെഴുതുക.**

ഉത്തരം:

സ്ത്രീസൗന്ദര്യത്തിന്റെ മനോഹരമായ ചിത്രം വരികളിൽ കാണാം.'ക', 'ച', 'മ' തുടങ്ങിയ അക്ഷരങ്ങളുടെ ആവർത്തനം കാവ്യത്തിന് സംഗീതാത്മകത നൽകുന്നു.
ദൃശ്യബിംബങ്ങളുടെ സഹായത്തോടെ സ്ത്രീയുടെ രൂപഭംഗി മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു.പ്രാസഭംഗി,ഉപമ, രൂപകം തുടങ്ങിയ അലങ്കാരങ്ങളുടെ സാന്നിധ്യം കാവ്യഭംഗി വർധിപ്പിക്കുന്നു.
ലയാത്മകമായ പദപ്രയോഗവും വർണനാഭംഗിയും വരികളെ ആസ്വാദ്യകരമാക്കുന്നു.

7(A). **ടാക്സി ഡ്രൈവറുടെ മനോഭാവം**

ഉത്തരം:

ടാക്സി ഡ്രൈവറുടെ വാക്കുകളിൽ പ്രകടമാകുന്നത് മനുഷ്യത്വവും കരുണയും സഹാനുഭൂതിയും സഹായമനോഭാവവുമാണ്. പണം വാങ്ങാതെ വൃദ്ധയായ അമ്മയെ മക്കളുടെ അടുത്തെത്തിക്കാമെന്ന് അയാൾ പറയുന്നു. സ്വന്തം സമയവും അധ്വാനവും പരിഗണിക്കാതെ ഒരു വൃദ്ധയുടെ വിഷമം മനസ്സിലാക്കി സഹായിക്കാൻ തയ്യാറാകുന്നു. അപരിചിതരോടുപോലും സ്നേഹവും കരുതലും കാണിക്കുന്ന മഹത്തായ മനസ്സിന്റെ ഉടമയാണ് ടാക്സി ഡ്രൈവർ.

7(B). ബഷീറിനെ അശാന്തിയിലേക്ക് നയിച്ച കുടുംബസാഹചര്യങ്ങൾ

ഉത്തരം: കുടുംബത്തിലെ നിരന്തരമായ ബഹളവും വഴക്കും സാമ്പത്തികപ്രശ്നങ്ങളും പരസ്പരമുള്ള അസ്വാരസ്യങ്ങളും ബഷീറിന് അസ്വസ്ഥതയുണ്ടാക്കി. വീട്ടിൽ എല്ലാവരും തങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളുമായി ഇടപെടുന്നതും സമാധാനപരമായ അന്തരീക്ഷത്തിന്റെ അഭാവവും അദ്ദേഹത്തെ അശാന്തനാക്കി. അതുകൊണ്ടാണ് ശാന്തിയും ഏകാന്തതയും തേടി ബഷീർ അവിടെ എത്തിയത്.

## 8 മുതൽ 11 വരെ [5 സ്കോർ വീതം]

### 8. കാവ്യഭാഗങ്ങളിലെ ആശയം താരതമ്യം ചെയ്യുക.

ഉത്തരം:

ഇരുകാവ്യഭാഗങ്ങളും സ്വാതന്ത്ര്യത്തിനായുള്ള ആഗ്രഹവും ബന്ധനത്തോടുള്ള എതിർപ്പും അവതരിപ്പിക്കുന്നു. കിളിയുടെ സ്വാഭാവിക ലോകം ആകാശവും വിശാലമായ പ്രകൃതിയുമാണ്. കൂട്ടിലടച്ച് അതിനെ സംരക്ഷിക്കുന്നുവെന്ന മനുഷ്യന്റെ ധാരണ തെറ്റാണെന്ന് ആദ്യകാവ്യഭാഗം സൂചിപ്പിക്കുന്നു.
രണ്ടാമത്തെ കാവ്യഭാഗത്തിൽ കൂട്ടിൽനിന്ന് മോചിതയായി ആകാശത്തിലൂടെ പറന്ന് ജന്മഭൂമിയായ കാനനത്തിലെത്താനുള്ള ആഗ്രഹമാണ് പ്രകടമാകുന്നത്.
അതിനാൽ സ്വാതന്ത്ര്യം ജീവന്റെ സ്വാഭാവിക അവകാശമാണെന്നും പ്രകൃതിയോടുള്ള ബന്ധമാണ് യഥാർഥ ജീവിതമെന്നും ഇരുകവിതകളും വ്യക്തമാക്കുന്നു.

### 9. അമ്മയുടെ ഒറ്റപ്പെടലിന്റെ തീവ്രത

ഉത്തരം:

അമ്മ തന്റെ ജീവിതത്തിന്റെ വലിയൊരു ഭാഗം കുടുംബത്തിനായി സമർപ്പിച്ച വ്യക്തിയാണ്. കുട്ടികളെ വളർത്താനും പരിപാലിക്കാനും അവർ ചെയ്ത ത്യാഗങ്ങൾ 'എത്ര' എന്ന പദത്തിന്റെ ആവർത്തനത്തിലൂടെ കഥാകാരി വ്യക്തമാക്കുന്നു. എന്നാൽ കുട്ടികൾ വളർന്ന് കുടുംബജീവിതത്തിലേക്ക് കടന്നപ്പോൾ അമ്മയെ ആർക്കും ആവശ്യമില്ലാതായി.

mukulam malayalam

ഒരിക്കൽ എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റിയിരുന്ന അമ്മ ഇപ്പോൾ ആർക്കും ആവശ്യമില്ലാത്തവളായി മാറുന്നു. ഭൂതകാലത്തിലെ തിരക്കേറിയ ജീവിതവും വർത്തമാനത്തിലെ ഏകാന്തതയും തമ്മിലുള്ള വൈരുദ്ധ്യം അമ്മയുടെ ഒറ്റപ്പെടലിന്റെ തീവ്രത വ്യക്തമാക്കുന്നു. അമ്മയുടെ മനസ്സിലെ വേദനയും അവഗണനയും വളരെ ഹൃദയസ്പർശിയായി കഥാകാരി അവതരിപ്പിക്കുന്നു.

## 10. സാഹിത്യകൃതികളിലെ സാമൂഹികാവസ്ഥ

ഉത്തരം:

രണ്ടു രചനാഭാഗങ്ങളിലും അക്കാലത്തെ ജാതീയമായ ഉച്ചനീചത്വവും അയിത്തവും സാമൂഹിക അസമത്വവും വ്യക്തമായി കാണാം. ഉയർന്ന ജാതിക്കാർക്ക് താഴ്ന്ന ജാതിക്കാരിൽനിന്ന് വെള്ളം വാങ്ങാൻ പോലും മടിയുണ്ടായിരുന്നു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്നു. ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിനുപോലും വിലക്കുണ്ടായിരുന്നു.

ജാതിയുടെ പേരിൽ മനുഷ്യരെ വേർതിരിക്കുകയും അവകാശങ്ങൾ നിഷേധിക്കുകയും ചെയ്തിരുന്ന അനീതിയായ സാമൂഹിക വ്യവസ്ഥയെയാണ് ഈ രചനകൾ വിമർശിക്കുന്നത്. എല്ലാ മനുഷ്യരും തുല്യരാണെന്ന മാനവിക സന്ദേശമാണ് ഇതിന് പകരം ഉയർത്തിപ്പിടിക്കുന്നത്.

## 11(A). വായനക്കുറിപ്പ് — ബാല്യകാലസഖി [നിങ്ങൾ വായിച്ച ഏതെങ്കിലുമൊരു പുസ്തകത്തിന്റെ കുറിപ്പ്

**ഉദ:-ബാല്യകാലസഖി - വായനക്കുറിപ്പ്**

വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്ത കൃതിയായ ബാല്യകാലസഖി വായിച്ചപ്പോൾ ഏറെക്കാലം മനസ്സിൽ തങ്ങിനിൽക്കുന്ന ഒരു അനുഭവമാണ് ലഭിച്ചത്. മജീദിന്റെയും സുഹ്റയുടെയും ജീവിതത്തിലൂടെ സ്നേഹത്തിന്റെയും ദാരിദ്ര്യത്തിന്റെയും ജീവിതവേദനകളുടെയും വിവിധ തലങ്ങൾ കൃതി അവതരിപ്പിക്കുന്നു.

ലളിതമായ ഭാഷയും സ്വാഭാവികമായ സംഭാഷണങ്ങളും കഥാപാത്രങ്ങളുടെ മനസ്സിനോട് അടുത്തുനിൽക്കുന്ന അവതരണവുമാണ് കൃതിയുടെ പ്രത്യേകത. സാധാരണ മനുഷ്യരുടെ ജീവിതത്തിലെ സന്തോഷങ്ങളും ദുഃഖങ്ങളും ബഷീർ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നു. സ്നേഹത്തിന്റെ മഹത്വവും ജീവിതത്തിന്റെ അനിശ്ചിതത്വവും തിരിച്ചറിയാൻ ഈ കൃതി സഹായിച്ചു.

മനുഷ്യബന്ധങ്ങളുടെ ആഴവും സ്നേഹത്തിന്റെ വിലയും തിരിച്ചറിയാൻ സഹായിച്ച മികച്ച വായനാനുഭവമാണ് ബാല്യകാലസഖി.

## 11(B). ഡോക്ടർ കെ — സ്വഭാവസവിശേഷതകൾ

ഉത്തരം: ഡോക്ടർ കെ മനുഷ്യത്വവും കരുണയും ഉത്തരവാദിത്വബോധവുമുള്ള വ്യക്തിയാണ്. ആനയുടെ അവസ്ഥ സൂക്ഷ്മമായി നിരീക്ഷിച്ചശേഷമാണ് അദ്ദേഹം ചികിത്സ നിർദേശിക്കുന്നത്. ആനയുടെ വേദന മനസ്സിലാക്കി ഉടൻ സഹായം നൽകാൻ ശ്രമിക്കുന്നു.

അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ ശാന്തത, നിരീക്ഷണപാടവം, സേവനമനോഭാവം, ജീവജാലങ്ങളോടുള്ള സ്നേഹം എന്നിവ പ്രകടമാണ്. പ്രതിസന്ധിഘട്ടത്തിലും പരിഭ്രമിക്കാതെ പ്രായോഗികമായി ഇടപെടുന്ന വ്യക്തിയാണ് ഡോക്ടർ കെ.

mukulam malayalam

## 12(A). കുമാരനാശാന്റെ കൃതികളിലെ സാഹോദര്യസങ്കൽപ്പം

**[7 സ്കോർ ]** ഉത്തരം: കുമാരനാശാന്റെ കൃതികളിൽ മനുഷ്യസ്നേഹത്തിനും സാഹോദര്യത്തിനും വലിയ സ്ഥാനമാണുള്ളത്. ജാതി, മതം, സമ്പത്ത് തുടങ്ങിയ വ്യത്യാസങ്ങൾ മനുഷ്യരെ വേർതിരിക്കരുതെന്നാണ് ആശാന്റെ നിലപാട്. മനുഷ്യനെ മനുഷ്യനായി കാണുന്ന വിശാലമായ മാനവികതയാണ് അദ്ദേഹത്തിന്റെ സാഹോദര്യസങ്കൽപ്പത്തിന്റെ അടിസ്ഥാനം.

വീണപൂവ് പോലുള്ള കൃതികളിൽ ജീവിതത്തിന്റെ നശ്വരതയും മനുഷ്യരുടെ സമത്വവും വ്യക്തമാകുന്നു. സൃകൃതഹാരങ്ങൾ എന്ന കൃതിയിലെ ആശയങ്ങളിലും ജാതിവ്യത്യാസങ്ങളെ മറികടക്കുന്ന സഹോദരഭാവം പ്രകടമാണ്. ദാഹിക്കുന്ന ഒരാൾക്ക് വെള്ളം നൽകുന്നതിന് മുമ്പ് അവന്റെ ജാതി അന്വേഷിക്കുന്ന സാമൂഹിക അനീതിയെ ആശാൻ ചോദ്യം ചെയ്യുന്നു.

ആശാന്റെ സാഹോദര്യം കാലദേശാതീതമായ മനുഷ്യസ്നേഹമാണ്. മനുഷ്യരെല്ലാം ഒരേ സമൂഹത്തിലെ അംഗങ്ങളാണെന്നും പരസ്പരം സ്നേഹത്തോടെയും സഹാനുഭൂതിയോടെയും പെരുമാറണമെന്നും അദ്ദേഹത്തിന്റെ കൃതികൾ പഠിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ആശാന്റെ സാഹോദര്യസങ്കൽപ്പത്തിന് ഇന്നും വലിയ പ്രസക്തിയുണ്ട്.

## 12(B). കവിതാസ്വാദനം —ഇനിയെനിക്കാരുമില്ലെന്നു തോന്നുമ്പോൾ

ഉത്തരം: കവിതാസ്വാദനം

### ഭൂമി: സ്നേഹബന്ധങ്ങളുടെ വിശാല ലോകം

'ഇനിയെനിക്കാരുമില്ലെന്നു തോന്നുമ്പോൾ' എന്ന ആലങ്കോട് ലീലാകൃഷ്ണന്റെ കവിതയിൽ ഏകാന്തത അനുഭവിക്കുന്ന മനുഷ്യന് പ്രകൃതിയും മറ്റു ജീവജാലങ്ങളും നൽകുന്ന സ്നേഹവും ആശ്വാസവുമാണ് അവതരിപ്പിക്കുന്നത്.

തനിക്ക് ആരുമില്ലെന്ന് തോന്നുന്ന നിമിഷത്തിൽ ചുറ്റുമുള്ള മണ്ണും പുല്ലും പൂക്കളും പക്ഷികളും പൂമ്പാറ്റകളും പുഴയും കടലുമെല്ലാം തന്റെ ബന്ധുക്കളാണെന്ന് കവി തിരിച്ചറിയുന്നു. പ്രകൃതി മുഴുവൻ സ്നേഹബന്ധങ്ങളുടെ വിശാലമായ ലോകമാണെന്ന ആശയമാണ് കവിത മുന്നോട്ടുവയ്ക്കുന്നത്.ലളിതമായ ഭാഷയും മനോഹരമായ പ്രകൃതിബിംബങ്ങളും കവിതയുടെ ആസ്വാദനഭംഗി വർധിപ്പിക്കുന്നു.

"നിറ വെളിച്ചമായ് കൈനീട്ടി നില്പുണ്ട്
പ്രണയ കോടികൾ ജീവസഹോദരർ"

ഏകാന്തതയിൽ തളരാതെ ചുറ്റുമുള്ള ജീവജാലങ്ങളെയും പ്രകൃതിയെയും സ്നേഹത്തോടെ കാണാനുള്ള സന്ദേശം കവിത നൽകുന്നു.

ഇന്നത്തെ ഒറ്റപ്പെടലുകളും മാനസിക സമ്മർദങ്ങളും നിറഞ്ഞ ജീവിതത്തിൽ ഈ കവിതയ്ക്ക് ഏറെ സമകാലിക പ്രസക്തിയുണ്ട്. മനുഷ്യൻ ഒറ്റയ്ക്കല്ലെന്നും ഈ ഭൂമിയിലെ എല്ലാ ജീവജാലങ്ങളുമായും തനിക്ക് ബന്ധമുണ്ടെന്നും കവിത നമ്മെ ഓർമിപ്പിക്കുന്നു

---

**VISIT:*mukulam malayalam* YOU TUBE *channel* FOR MORE RESOURCES**

mukulam malayalam